**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3260** **01-03-2023 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുള്ള നാദാപുരം നിയോജക മണ്ഡലത്തിലേ നാദാപുരം ഗവ.യു.പി. സ്കൂൾ, വെള്ളിയോട് ഹയർ സെക്കൻഡറി സ്കൂൾ എന്നീ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തികരിച്ചോയെന്ന് അറിയിക്കാമോ; | (എ) | കിഫ്ബിയിൽ നിന്ന് തുക അനുവദിച്ചിട്ടുള്ള നാദാപുരം നിയോജക മണ്ഡലത്തിലെ നാദാപുരം ഗവ.യു.പി. സ്കൂളിന്റ ഡിപിആർ തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പുതുക്കിയ ഡിഎസ്ആർ/ ജി എസ് ടി നിരക്കിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്. കില പ്രോജക്ട് എക്സിക്യൂഷൻ ഡോക്കുമെന്റ് (Project Execution Document (PED)) തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ഭേദഗതി ചെയ്ത് കിഫ്ബിയുടെ അംഗീകാരം ലഭ്യമായാൽ ഉടൻ തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.<br><br>വെള്ളിയോട് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി പുതുക്കിയ ഡിഎസ്ആർ/ജി എസ് ടി നിരക്ക് പ്രകാരം എസ്റ്റിമേറ്റ് ഭേദഗതി ചെയ്ത് വരുന്നു. സാങ്കേതിക അനുമതിയും കിഫ്ബിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്കുമെന്റ് (Project Execution Document (PED))അംഗീകാരവും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ കാലാവധി എത്ര മാസമാണെന്ന് വ്യക്തമാക്കുമോ? | (ബി) | നിർമ്മാണ പ്രവൃത്തികളുടെ കാലാവധി എഗ്രിമെന്റ് വച്ച തീയതി മുതൽ 15 മാസം വരെയാണ്. |

സെക്ഷൻ ഓഫീസർ